പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 415 02.12.2014-ൽ മറുപടിക്ക്

ശബരി റെയിലിന്റെ നിർമ്മാണ പുരോഗതി

ചോദ്യം

ശ്രീ. രാജു എബ്രഹാം :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല തീർത്ഥാടകർക്ക് ഏറെ പ്രയോജനം ചെയ്യുന്ന ശബരി റെയിലിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ; | (എ) | അങ്കമാലി മുതൽ കാലടി വരെയുള്ള റെയിൽവേ ലൈനിന്റെ പണികൾ പൂർത്തിയായി വരുന്നു. റെയിൽ ഇടുന്ന പണി മാത്രമാണ് പൂർത്തിയാവാനുള്ളത്. ആയത് 31.12.2014-നകം പൂർത്തിയാക്കുമെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. |
| (ബി) | അങ്കമാലി മുതൽ എരുമേലി വരെയുള്ള പാതയുടെ അലൈൻമെന്റ് നിശ്ചയിച്ചു കഴിഞ്ഞിട്ടുണ്ടോ; ഇവിടെ വരെ ലൈൻ എത്തിക്കുന്നതിന് എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടത്; ഇതിനകം എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ട്; | (ബി) | ഉണ്ട്. കോട്ടയം ജില്ലയിൽ അങ്കമാലി - ശബരി റെയിൽവേ ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളുമായി ബന്ധപ്പെട്ട ജനപ്രതിനിധികളുമായി കൂടിയാലോചിച്ച് ജില്ലാ കളക്ടർ സമർപ്പിച്ച പുതുക്കിയ അലൈൻമെന്റ് സംസ്ഥാന സർക്കാർ അംഗീകരിക്കുകയും ആയത് റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയുമാണ്. ആയത് നാളിതുവരെ റെയിൽവേ ബോർഡ് അംഗീകരിച്ചിട്ടില്ല. ആയത് അംഗീകരിച്ച ശേഷം അന്തിമ ലോക്കേഷൻ സർവ്വേ നടത്തിയെങ്കിൽ മാത്രമേ എത്ര ഹെക്ടർ സ്ഥലം ആണ് ഏറ്റെടുക്കേണ്ടതെന്ന് നിശ്ചയിക്കാൻ കഴിയുകയുള്ളൂ. എറണാകുളം ജില്ലയിൽ നിന്നും 9.90 ഹെക്ടർ ഭൂമി ഇതിനോടകം റെയിൽവേ ഏറ്റെടുത്തിട്ടുണ്ട്. |
| (സി) | എരുമേലി മുതൽ പുനലൂർ വരെ പ്രസ്തുത ലൈൻ ദീർഘിപ്പിക്കുന്നതിന് സാധ്യതാപഠനം നടത്തുകയുണ്ടായോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ? | (സി) | നടത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ